പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 2615 11.10.2011 -ലെ മറുപടിക്ക്

## പുഴുക്കൽപ്പടി പുലാപ്പറ്റ നേത്രക്കടവ് പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ശ്രീകൃഷ്ണപുരം, കരിമ്പുഴ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പുഴുക്കൽപ്പടി പാലം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; പ്രസ്തുത പാലം നിലവിൽ ഗതാഗതയോഗ്യമാണോ ; എത്ര രൂപയാണ് പാലം നിർമ്മാണത്തിനായി നീക്കിവച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ; | (എ) പ്രസ്തുത പാലം നിർമ്മാണത്തിന് ജി.ഒ. (ആർ.റ്റി) നം. 1185/09/പി.ഡബ്ല്യൂ.ഡി. തീയതി 14.08.2009 പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പുതുക്കിയ ഡിസൈൻ പ്രകാരവും നിലവിലെ നിരക്കു പ്രകാരവും പാലം നിർമ്മാണത്തിന് 1050 ലക്ഷം രൂപയുടെ ഒരു റഫ്കോസ്റ്റ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) പെരിങ്ങോട് - പുലാപ്പറ്റ പാലം നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് നീക്കിവച്ചിരിക്കുന്നത് ; പ്രസ്തുത പാലം നിർമ്മാണത്തിന് എന്നാണ് അനുമതി നൽകിയത് ; പ്രസ്തുത പാലം നിർമ്മാണത്തിന്റെ കാലിക സ്ഥിതി വിശദമാക്കാമോ ; | (ബി) തുക നീക്കി വെച്ചിട്ടില്ല. അനുമതി നൽകിയിട്ടില്ല. 122 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) കരിമ്പുഴ, കുമരംപുത്തൂർ എന്നീ പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്ന നേത്രക്കടവ് പാലം നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് നീക്കിവച്ചിരിക്കുന്നത് ; പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഇന്നത്തെ സ്ഥിതി വ്യക്തമാക്കാമോ ? | (സി) നേത്രക്കടവ് പാലം നിർമ്മാണത്തിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. റിവൈസ്ഡ് എ.എസ് നൽകുന്നതിന് 770 ലക്ഷം രൂപയുടെ പുതുക്കിയ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |

Lekha
സെക്ഷൻ ഓഫീസർ